അക്വാകൾച്ചർ എക്സ്പേർട്ട്സ്

190 (6108) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. മുഖേന ഫിഷറീസ് വകുപ്പിലേക്ക് നിയമന ശുപാർശ ലഭിച്ച് ഓരുജല മത്സ്യകർഷക വികസന ഏജൻസിയിൽ നിയമിതരായ അക്വാകൾച്ചർ എക്സ്പെർട്ടുമാരെ ഫിഷറീസ് വകുപ്പിലേക്ക് അബ്സോർബ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ബി) അക്വാകൾച്ചർ എക്സ്പേർട്ട്മാർക്ക് പി.എഫ്., ഇ.എസ്.ഐ., ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യഭവനുകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഫിഷറീസ് എക്സ്റ്റൻഷൻ/മത്സ്യഭവൻ ഓഫീസർ തസ്തികകളിലേക്ക് നിയമനം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്വാകൾച്ചർ എക്സ്പേർട്ട്മാരെ ഫിഷറീസ് വകുപ്പിലേക്ക് അബ്സോർബ് ചെയ്യുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ബുദ്ധിമുട്ടുണ്ട്. പുതിയ സ്പെഷ്യൽ റൂൾ തയ്യാറാക്കിവരുന്നു.

(ബി) മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഓരുജല മത്സ്യ കർഷക വികസന ഏജൻസികൾ മത്സ്യ കർഷക വികസന ഏജൻസികളിൽ ലയിപ്പിച്ചതിനെ തുടർന്ന് അക്വാകൾച്ചർ എക്സ്പേർട്ട്മാരെ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസിയിലെ ജീവനക്കാരായാണ് കണക്കാക്കപ്പെടുന്നത്. ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി സർക്കാർ വകുപ്പുകളിൽ നിന്ന് വ്യത്യസ്ഥമാണ്. ഇവ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രൂപ വത്ക്കരിക്കപ്പെട്ട ഏജൻസികളാണ്. അക്വാകൾച്ചർ എക്സ്പേർട്ടുമാരെ ഫിഷറീസ് വകുപ്പിലേക്ക് അബ്സോർബ് ചെയ്യുന്നതും ഇവർക്ക് പി.എഫ്., ഇ.എസ്.ഐ., ഗ്രൂപ്പ് ഇൻഷ്വറൻസ് മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(സി) മത്സ്യ ഭവനുകളിൽ ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ/ മത്സ്യഭവൻ ആഫീസർ തസ്തികകൾ നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് 100 മത്സ്യഭവനുകൾ രൂപീകരിച്ച് ടി മത്സ്യഭവനുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly